# KERALA POLICE INFORMATION CENTRE

No.29/PR/PIC/PHQ/10 Date : 27/04/10

## സി-ഫോം ഓൺലൈൻ രജിസ്ട്രേഷൻ; ഉത്ഘാടനം നാളെ

കേരളാ പോലീസും ടൂറിസം വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സി-ഫോം ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നാളെ (28-04-10) നിലവിൽവരും. പദ്ധതിയുടെ ഉത്ഘാടനം ഉച്ചയ്ക്ക് 2.30 മണിക്ക് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വച്ച് ബഹുമാനപ്പെട്ട കേരളാ ആഭ്യന്തര, ടൂറിസം വകുപ്പ് മന്ത്രി ശ്രീ.കോടിയേരി ബാലകൃഷ്ണൻ നിർവ്വഹിക്കും. ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന ഹോട്ടലുകൾ, ഹോം സ്റ്റേ കേന്ദ്രങ്ങൾ, റിസോർട്ടുകൾ എന്നിവയ്ക്ക് ഇനിമുതൽ വിദേശികളെ സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആയി സി-ഫോം രജിസ്ട്രേഷൻ നടത്താവുന്നതാണ്. വിദേശ സഞ്ചാരികൾക്ക് ആതിഥേയത്വം വഹിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും ഇപ്പോൾ ഫോറിനേഴ്സ് റൂൾസ് പ്രകാരം നിശ്ചിതഫോറത്തിലാണ് അവരുടെ വിവരങ്ങൾ പോലീസിനെ അറിയിക്കുന്നത്. ഇനിമുതൽ ഓൺലൈൻ സൗകര്യത്തിലൂടെ ഇത് ചെയ്യാൻ കഴിയുന്നതാണ്.

സി-ഫോം രജിസ്ട്രേഷൻ ഓൺലൈനിലൂടെ നടത്തുമ്പോൾ പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്വെയർ മുഖാന്തിരം രജിസ്റ്റർ ചെയ്യപ്പെടുന്ന വിദേശികളുടെ വിവരങ്ങൾ, ഡാറ്റാബേസിൽ സ്വീകരിക്കുകയും ബന്ധപ്പെട്ട പോലീസ് അധികാരികൾക്ക് അത് ലഭ്യമാക്കുകയും ചെയ്യും. രജിസ്ട്രേഷൻ നടത്തുന്ന സ്ഥാപനങ്ങൾക്ക് ആയതിന്റെ രസീതും ഓൺലൈൻ ആയി ലഭിക്കും. ഓൺലൈൻ സൗകര്യം ലഭ്യമല്ലാത്തവർക്ക് നിലവിൽ നേരിട്ട് രജിസ്റ്റർ ചെയ്യുന്ന രീതി തുടരാവുന്നതാണ്. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ സർക്കാർ നടപ്പിലാക്കിവരുന്ന ഈ പദ്ധതി ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വളരെയധികം പ്രയോജനകരമാണ്. ടൂറിസം വകുപ്പിന്റെ www.keralatourism.gov.in എന്ന വെബ് സൈറ്റിൽ സി-ഫോം ഓൺലൈൻ സൗകര്യം ലഭ്യമാണ്.

വിദേശികളുടെ താമസം സംബന്ധിച്ച വിശദാംശങ്ങൾ പല സ്ഥാപനങ്ങളും പോലീസിനെ യഥാസമയം അറിയിക്കുന്നില്ല. ഇത് കുറ്റകരമാണ്. വിദേശികളെ സംബന്ധിച്ച വിവരങ്ങൾ നൽകാൻ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ പോലീസ് കർശന നടപടി സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വച്ച് നടക്കുന്ന പദ്ധതിയുടെ ഉത്ഘാടന ചടങ്ങിൽ എം.എൽ.എ ശ്രീ.വി.ശിവൻകുട്ടി അദ്ധ്യക്ഷനായിരിക്കും. ഡി.ജി.പി ശ്രീ.ജേക്കബ് പുന്നൂസ്, കെ.ടി.ഡി.സി ചെയർമാൻ ശ്രീ.ചെറിയാൻ ഫിലിപ്പ്, ടൂറിസം ഡയറക്ടർ ശ്രീ.എം.ശിവശങ്കർ, തിരുവനന്തപുരം റേഞ്ച് ഐ.ജി ശ്രീ.ഹേമചന്ദ്രൻ, ശ്രീ.ഇ.എം.നജീബ് (പ്രസിഡന്റ് കോൺഫെഡറേഷൻ ഓഫ് കേരളാ ടൂറിസം ഇൻഡസ്ട്രി), ശ്രീ.ജി.സുധീഷ്കുമാർ (പ്രസിഡന്റ് കേരളാ ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ) എന്നിവർ സംബന്ധിക്കും. ടൂറിസം സെക്രട്ടറി ഡോ.വി.വേണു സ്വാഗതവും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ശ്രീ.എം.ആർ.അജിത്കുമാർ നന്ദിപ്രകാശനവും നടത്തും.

The contents of this document may be deemed to be based on received information which is subject to further verification